തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

നമ്പർ.400980/BRLI01/General/2023/3154/(4)

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് ആഫീസ്
തിരുവമ്പാടി
തിരുവമ്പാടി.പി.ഓ
കോഴിക്കോട്
Phone No:04952252059
E-mail:thiruvambadygp@gmail.com

തീയതി : 08/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജോയിൻ ഡയറക്ടർ
തദ്ദേശ സ്വയം ഭരണ വകുപ്പ്- കോഴിക്കോട്

സർ,

വിഷയം:- ചെറുതും ഇടത്തരം അപായസാധ്യതയുള്ള വ്യവസായികം കെട്ടിടങ്ങളുടെ ( ഗ്രൂപ്പ് ജി1) ക്രമവത്കരണം,നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമുള്ള ചെറുതും ഇടത്തരം അപായസാധ്യതയുള്ള വ്യവസായികം കെട്ടിടങ്ങളുടെ ( ഗ്രൂപ്പ് ജി1) ക്രമവത്കരണ അപേക്ഷ- അപാകതകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. 25/11/2023 തിയ്യതിയിൽ ഇൻറേണൽ വിജിലൻസ് ഓഫീസർക്ക് ഈ കാര്യാലയത്തിൽ നിന്ന് നൽകിയ വിശദീകരണം. .
2. 07/12/2023 തിയ്യതിയിൽ അങ്ങയുടെ കത്ത്.
3. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ- ചട്ടം 28(1).

തിരുവമ്പാടി പഞ്ചായത്തിൽ തിരുവമ്പാടി വില്ലേജിൽ 74/172 റീ സർവ്വേ നമ്പർ സ്ഥലത്ത് വ്യാവസായി ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് ശ്രീ ജോണി തൊമരക്കാട്ടിൽ എന്നവർ 17/05/2023 തിയ്യതിയിൽ അപേക്ഷ സമർപ്പിക്കുകയും ആയത് സൂചന 3 ചട്ടം പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതുമാണ്. ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ, ഓട്ടോ മൊബൈൽ വാഷ് സ്റ്റാളിൽ എന്നിവയ്ക്ക് 7 മീറ്ററിൽ കുറയാത്ത വീതിയിൽ പ്രേവേശന മാർഗ്ഗം ഉണ്ടായിരിക്കേണ്ടതാണെന്നും എന്നാൽ സൈറ്റിൽ 7 മറ്റർ വീതി ലഭ്യമല്ലാത്തതാണെന്നും അപേക്ഷകനെ അറിയിച്ചിരുന്നു. എന്നാൽ ഇൻറേണൽ വിജിലൻസ് ഓഫീസറിൽ നിന്നും മേൽ സൂചന 3 ചട്ടത്തിൽ ഭേദഗതി വന്നിട്ടുണ്ടെന്നും ആയത് പ്രകാരം 3 മീറ്റർ മതിയാവുന്നതാണെന്നും നിർദേശിച്ചിരുന്നു. ആയതിൻെറ അടിസ്ഥാനത്തിൽ വിശദമായ പരിശോധിച്ചതിൽ നിന്നും 2020 ഒക്ടോബർ 1 ന ആധികാരികമായി പ്രസിദ്ധപ്പെടുത്തിയ കേരള ഗസറ്റ് വിജ്ഞാപനം പരിശോധിച്ചതിൽ ചട്ടം **28** ൽ പ്രവേശന മാർഗ്ഗത്തെ കുറിച്ച് പ്രതിപാദിക്കുന്ന **8A** എന്ന പുതിയ ഒരു പട്ടിക കൂടി കൂട്ടിച്ചേർത്തതിൽ **G1** കാറ്റഗറിയിൽ പെടുന്ന **300 sqm** വരെ ,ചുരുങ്ങിയ പ്രവേശന മാർഗ്ഗം **3** മീറ്റർ എന്ന് പ്രസ്താവിക്കുന്നുണ്ടെങ്കിലും ഈ ചട്ടത്തിൽ തുടർന്നുള്ള പ്രൊവിസോ **5** ൽ **G1** വിനിയോഗ ഗണത്തിൽപ്പെടുന്ന ഓട്ടോമൊബൈൽ ,വാഷിംഗ് സ്റ്റാളുകളുടെ സംഗതിയിൽ **7** മീറ്റർ കുറയാത്ത വീതിയിൽ പ്രവേശനമാർഗ്ഗം ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട് . മേൽ കാര്യമാണ് തത്സമയം അപേക്ഷകനെ കത്ത് മുഖേന

അറിയിക്കുന്നത്. ഈ വിഷയങ്ങൾ സമഗ്രമായി ഉൾക്കൊള്ളിച്ച് സൂചന 1 പ്രകാരം വിശദീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ സൂചന 2 പ്രകാരമുള്ള അങ്ങയുടെ നിർദേശ പ്രകാരം അപേക്ഷകന്റെ സർവ്വീസ് സ്റ്റേഷനിലേക്കുള്ള ദൂരം, വീതി എന്നത് ആസ്തി രജിസ്റ്റർ പ്രകാരം വിശദീകരിക്കണമെന്നും 01/12/2023 തിയ്യതിയിലെ കത്തിന് വിശദീകരണം സമർപ്പിച്ചിട്ടില്ലെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ 01/12/2023 തിയ്യതിയിൽ ജോയിൻ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഇത്തരത്തിൽ അറിയിപ്പുകളൊന്നും പഞ്ചായത്തിൽ ലഭിച്ചിട്ടില്ലെന്ന് കാണുന്നു.

അപേക്ഷകന്റെ സർവ്വീസ് സ്റ്റേഷനിലേക്കുള്ള റോഡിന്റെ (തിരുവമ്പാടി ചെപ്പിലംകോട് റോഡ്) വീതി 4.5 മീറ്ററും, നീളം 1.2 കിലോ മീറ്ററാണെന്നും ആസ്തി രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ സൂചന 3 ചട്ടത്തിൽ പ്രവേശന മാർഗ്ഗത്തിന്റെ വീതി 7 മീറ്ററാണെന്ന് നിഷ്കർഷിക്കുന്നുണ്ടെന്ന വിവരവും അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു.

OFFICE OF THE THIRUVAMBADY GRAMA PANCHAYAT
P.O. Thiruvambady

വിശ്വസ്തതയോടെ,

Secretary
Thiruvambady Grama Panchayath
P.O. Thiruvambady, Kozhikode - 673603
Ph: 0495 2252059, Mob: 9496048207

പകർപ്പ്:

1. ജോണി
തൊമരക്കാട്ടിൽ, തിരുവമ്പാടി, പിൻ- 673603 (അറിവിനും, നിർമ്മിതി പട്ട പ്രകാരമാക്കുന്നതിനും)

2. അസി. എഞ്ചിനീയർ
LSGD- തിരുവമ്പാടി സെക്ഷൻ (അറിവിനും അനന്തര നടപടികൾക്കും)